**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ചേപ്പാട് ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4) – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1785 /12/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/06/2012**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 03/01/2012-ലെ എം4-36970/11 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 04/06/2012-ലെ LF-2091/PT1/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിൽ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം പദ്ധതി നിർവ്വഹണത്തിന് അധികം ചെലവഴിച്ച 73,549/- രൂപ (എഴുപത്തി മൂന്നായിരത്തി അഞ്ഞൂറ്റി നാല്പത്തി ഒമ്പത് രൂപ മാത്രം) നിരാകരിച്ചിരുന്നു.

പദ്ധതി നിർവ്വഹണത്തിന് അനുവദിച്ചിരുന്ന 1% തുകയായ 25,739/- രൂപ പ്രാഥമിക ചെലവുകൾക്ക് പോലും അപര്യാപ്തമായതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 15/03/2003-ൽ 6-ാം നമ്പർ തീരുമാന പ്രകാരമാണ് അധിക തുക ചെലവഴിച്ചതെന്നും ആയതിനാൽ ടി തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 14/06/2011-ലെ 39/11(3)-ാം നമ്പർ തീരുമാനത്തോടെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെയും പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം രണ്ടിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം

നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച് വസ്തുതകളുടെ അടിസ്ഥാനത്തിൽ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ പദ്ധതി നിർവ്വഹണത്തിന് 73,549/- രൂപ (എഴുപത്തി മൂന്നായിരത്തി അഞ്ഞൂറ്റി നാല്പത്തി ഒമ്പത് രൂപ മാത്രം) അധികം ചെലവഴിച്ച പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ചേപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ